**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6544** **11-11-2021 - ൽ മറുപടിയ്ക്ക്**

**വിരിപ്പ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ വിരിപ്പ് കൃഷി ചെയ്യുന്നതിൽ കുറവുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്ര ഹെക്ടർ സ്ഥലത്ത് വിരിപ്പ് കൃഷി ചെയ്യുന്നുണ്ട്; ഏകദേശം എത്ര കർഷകർ കൃഷി ചെയ്യുന്നുണ്ട്; | (എ) | ഇല്ല. മങ്കട നിയോജക മണ്ഡലത്തിൽ നിലവിൽ 44.4 ഹെക്ടർ സ്ഥലത്ത് 97 കർഷകർ വിരിപ്പ് കൃഷി ചെയ്യുന്നു. |
| (ബി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ വിരിപ്പ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്; | (ബി) | ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ ഉൾപ്പെടുത്തി നെൽകൃഷിക്ക് സൗജന്യമായി വിത്തും, ഹെക്ടറിന് 17,000/- രൂപ എന്ന നിരക്കിൽ ഉഴവ് കൂലിയും നൽകുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഹെക്ടറിന് 5,500/- രൂപ എന്ന നിരക്കിലും ധനസഹായം നൽകുന്നു. തരിശുഭൂമിയിൽ വിരിപ്പകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 40,000/- രൂപ നിരക്കിലാണ് ധനസഹായം നൽകുന്നത്. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ കുമ്മായം 75% സബ്സിഡിയിൽ പരമാവധി ഹെക്ടറിന് 5,400/- രൂപ നിരക്കിൽ നൽകി വരുന്നു. പാഡി റോയൽറ്റി പദ്ധതി പ്രകാരം നെൽവയൽ ഉടമകൾക്ക് ഹെക്ടറിന് 2,000/- രൂപ നിരക്കിൽ ആനുകൂല്യം ലഭ്യമാക്കി വരുന്നു. ഒരു പൂകൃഷി ഇരുപൂവാക്കുന്നതിന് ഹെക്ടറിന് 10,000/- രൂപ എന്ന നിരക്കിലാണ് ധനസഹായം നൽകുന്നത്. |
| (സി) | വിരിപ്പ് കൃഷി രീതിയിൽ നിന്നും കർഷകർ പിൻവാങ്ങുന്ന പ്രവണത തടയുന്നതിന് കൂടുതൽ മെച്ചപ്പെട്ട സഹായങ്ങളും പ്രോത്സാഹനവും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | വിരിപ്പകൃഷി രീതിയിൽ നിന്നും കർഷകർ പിൻവാങ്ങുന്ന പ്രവണത തടയുന്നതിന്, കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലും ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളിലും ഉൾപ്പെടുത്തി കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ആയതിന് കർഷകരെ ബോധവൽക്കരിക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ